Sisters of the Destitute St Joseph Province, Changanassery

# SD CARE - NEWS & VIEWS

SOCIAL APOSTOLATE COORDINATING CENTER

Ashakendra Social Welfare Center, Kudamaloor P. O., Kottayam, PH: 9497099240

October, 2024 | Volume 11 | Coordination Center Bulletin



## സന്ദേശം



ഈശോയുടെ സ്നേഹത്താൽ മാത്രം ഉത്തേജിപ്പിക്കപ്പെട്ട് ക്രിസ്തുസാക്ഷ്യത്തിന്റെ പുത്തൻ പാതകളിലൂടെയുള്ള നമ്മുടെ യാത്ര അതിവേഗത്തിൽ മുൻപോട്ടു പോയികൊണ്ടിരിക്കുകയാണ്. ദൈവാത്മാവു പ്രചോദിപ്പിക്കുന്ന അഗതികളുടെ മരുഭൂമികളിലേയ്ക്ക് ദൈവകരുണ ചാലുകീറിയൊഴുകുവാൻ നമ്മെ തിരഞ്ഞെടുത്തുയർത്തി അഭിഷേകം ചെയ്തു മാറ്റിനിർത്തിയ ദൈവത്തിനു നന്ദി പറയാം.

90 കളുടെ കാലഘട്ടങ്ങളിൽ ഏറ്റവും അധികം അഗതിത്വമനുഭവിച്ചിരുന്നവരും അശരണരുമായവർ വൃദ്ധജനങ്ങളായിരുന്നു. വീടുകളിലും പുറമ്പോക്കുകളിലും ആരുമാരും ആശ്രയമില്ലാതെ കഴിഞ്ഞിരുന്ന അവരിൽ നമ്മുടെ വല്യച്ചൻ ഈശോയെ കണ്ട് അവരെ കോരിയെടുത്ത് തന്റെ ഭവനത്തിൽ കൊണ്ടുവന്ന് ളോഹയുടെ കൈകൾ തെറുത്തുകയറ്റി ചുറുചുറുക്കോടെ അവരെ ശുശ്രൂഷിച്ചു. സാഹചര്യങ്ങൾ നിർബന്ധിച്ചപ്പോൾ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ഭിക്ഷയാചിച്ചു.

ഇന്ന് നമ്മുടെ വീടുകളിലും പുറമ്പോക്കുകളിലൂടെയുമൊക്കെ ഒന്ന് കണ്ണോടിച്ചാൽ കാണാം അഗതിത്വത്തിന്റെ നിറവും മുഖവുമൊക്കെ അല്പം ഒന്ന് മാറിയിട്ടുണ്ട്. ചുറ്റിലും മിന്നിമായുന്ന ചിരിക്കുന്ന മുഖങ്ങൾക്കിടയിലും ഒളിഞ്ഞിരിക്കുന്ന അഗതിയെ കണ്ടെത്താനുള്ള എസ്ഡി സഹോദരിയുടെ സ്വതസിദ്ധമായ കഴിവ് അല്പംകൂടെ ആളിക്കത്തികാം. കരുണയുടെ സിദ്ധി ലഭിച്ചതുപോലെ വിവേകമുള്ളവളാകാനുള്ള വരവും നമുക്ക് എടുത്ത് ഉപയോഗിക്കാം. വിവേകത്തോടെ കരുണകാണിക്കാൻ, ദീർഘവീക്ഷണത്തോടെ ഉയർന്നു ചിന്തിക്കാൻ, അഭിഷേകത്തോടെ ചുവടുകൾ മാറ്റി ചവിട്ടാൻ, ഹൃദയസ്വാതന്ത്ര്യത്തോടെ കടന്നു ചെല്ലാൻ, ആത്മാഭിമാനത്തോടെ തലയുയർത്തി നിൽക്കാൻ ഹൃദയ ഐക്യത്തിൽ ഒന്നിച്ചുനിന്ന് പ്രവർത്തിക്കാൻ, സർവോപരി എളിമയോടെ തിരുസന്നിധിയിൽ ശിരസു നമിക്കാൻ ക്രിസ്തുവിന്റെ സ്നേഹം നമുക്കു ഉത്തേജനം പകരട്ടെ.

**മദർ ദീപ്തി ജോസ് എസ്ഡി**

പ്രൊവിൻഷ്യൽ സുപ്പീരിയർ

## കാലഘട്ടത്തിന്റെ ആവശ്യങ്ങളിലേക്ക്







ട്രാൻസ്ജെൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ധർമാരാം ആശ്വാസ് സ്ഥാപനവും കൈൻഡ് ഹാർട്ട് ഓർഗനൈസേഷനും എസ്ഡി സാൻജോഭവൻ കമ്മ്യൂണിറ്റിയും ഒരുമിച്ച് ചേർന്ന് 2024. ഒക്ടോബർ 23-ാം തീയതി ബാഗ്ലൂർ വൈറ്റ്ഫീൽഡിലുള്ള ട്രാൻസ്ജെൻഡേഴ്സിന്റെ കമ്മ്യൂണിറ്റി സന്ദർശിച്ചു. ഇവർ അനുഭവിക്കുന്ന വേദനയും ഒറ്റപ്പെടലും ഭീതിയും എത്രമാത്രമാണെന്ന് നേരിട്ടറിയാൻ ഇതുവഴി സാധിച്ചു. ഞങ്ങളും ദൈവത്തിന്റെ മക്കളാണെങ്കിലും ഒരു മനുഷ്യനായി പോലും ഞങ്ങളെ അംഗീകരിക്കുന്നില്ലല്ലോ എന്നുള്ള അവരുടെ വാക്കുകൾ നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നതായിരുന്നു. സമൂഹം കല്പിച്ചു നല്കിയ ഭിക്ഷാടനവും സെക്സ്വർക്കും നിർത്താൻ ജോലി അവസരങ്ങൾ നല്കുക, കോളേജുകളിൽ തുടർവിദ്യാഭ്യാസത്തിന് അഡ്മിഷൻ കിട്ടാൻ സഹായിക്കുക, പ്രായമായ ട്രാൻസ് ജെൻഡേഴ്സിന് മാസംതോറും റേഷൻ ലഭ്യമാക്കുക, സമൂഹത്തിന് ഇവർ ആരാണെന്നുള്ള ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നീ ആവശ്യങ്ങളാണ് അവർ മുന്നോട്ട് വച്ചത്. എസ്ഡിക്ക് ഇത് ഒരു പുതിയ മേച്ചിൽപുറമായിരുന്നു.

## എഡിറ്റോറിയൽ

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്ക 4:18 ) വിമോചകനായ മിശിഹായോടു ചേർന്ന് നിന്നുകൊണ്ട് അഗതിത്വത്തിന്റെ നൊമ്പരം പേറുന്നവർക്ക് കാരുണ്യത്തിന്റെ സദ്വാർത്തയാവുകയാണ് ഒരു എസ്ഡി സഹോദരിയുടെ ദൗത്യം. പാപത്തിന്റെയും ജോലിവ്യഗ്രതകളുടെയും ഇല്ലായ്മകളുടെയും ബന്ധനത്തിലായിരിക്കുന്നവർക്ക് സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആകാശം ഒരുക്കിയും ആത്മീയവും ഭൗതികവുമായ ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് സമൃദ്ധിയുടെ വിരുന്നൊരുക്കിയും നമ്മുടെ പ്രേഷിതയാത്ര പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ. അനീതിയും അസമത്വവും വർഗീയതയും നമുക്കു ചുറ്റും കൊടികുത്തി വാഴുമ്പോൾ സർപ്പത്തിന്റെ വിവേകത്തോടും പ്രാവിന്റെ നിഷ്കളങ്കതയോടും കൂടി നാം വ്യാപരിക്കേണ്ടിയിരിക്കുന്നു. മനുഷ്യനു വേണ്ടി നിലകൊണ്ടവനാണ് ഈശോമിശിഹാ. ഇന്ന് സാധാരണക്കാരായ മനുഷ്യരുടെ അസ്തിത്വം ചോദ്യംചെയ്യപ്പെടുമ്പോൾ അവരുടെ നിലനിൽപ് അവതാളത്തിലാകുമ്പോൾ ഈശോമിശിഹായെ പോലെ അവരോടൊപ്പം നിൽക്കാൻ അവരെ ചേർത്ത്പിടിക്കാൻ നമുക്ക് സാധിക്കണം തങ്ങളുടെ നിലനിൽപ് അപകടത്തിലായതിനാൽ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുന്ന മുനമ്പത്തെ പാവപ്പെട്ട സഹോദരങ്ങളെ നാം ഓർക്കണം. അവരോടൊപ്പം നാം നിൽക്കണം. സത്യത്തിന്റെ സ്വരമാകേണ്ട മാധ്യമങ്ങൾ അവശ്യസമയത്ത് നിശബ്ദത പാലിച്ചും അനാവശ്യമായ ഇടപെടലുകൾ നടത്തിയും ക്രൈസ്തവസമുദായത്തെ ഇല്ലാതാക്കാൻ കൂട്ടുനില്കുന്നത് നാം തിരിച്ചറിയണം. കാലത്തിന്റെ മാറ്റങ്ങളെ നാം മനസിലാക്കണം. സമൂഹത്തിലേക്ക്, ലോകത്തിലേക്ക് തുറന്നുവച്ച മിഴികൾ നമുക്കുണ്ടാവണം. നമ്മുടെ സമുദായത്തിന്റെ നിലനില്പിനായി ഒരുമയോടെ പ്രവർത്തിക്കാൻ നമുക്ക് സാധിക്കണം. സർവശക്തനായ ഈശോമിശിഹാ എല്ലവരെയും അനുഗ്രഹിക്കട്ടെ.

**സി. തെരേസ് മാർട്ടിൻ എസ്ഡി**
കോർഡിനേറ്റർ

# ആശാകേന്ദ്ര വാർത്തകൾ

## 1 ജീവൻ 2024

ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 20ന് ഗർഭിണികളായ സ്ത്രീകളുടെ മാനസിക ആരോഗ്യത്തെ ലക്ഷ്യംവച്ച് 'ജീവൻ' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. സെന്ററിന്റെ സമീപപ്രദേശങ്ങളിൽ ഉള്ള ഗർഭിണികളായ സ്ത്രീകളെയാണ് ഒരുമിച്ചു കൂട്ടിയത്. എല്ലാവരും വളരെ ശ്രദ്ധയോടും ആകാംക്ഷയോടും കൂടിയാണ് ബോധവത്കരണ പരിപാടിയിൽ പങ്കെടുത്തത്. ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീമതി ത്രേസ്യാമ്മ ജീവൻ 2024 ഉദ്ഘാടനം ചെയ്തു. അയ്മനം പഞ്ചായത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ശ്രീമതി ജെസ്സി സന്നിഹിതയായിരുന്നു. ഗർഭകാലയളവിൽ അമ്മയുടെയും കുഞ്ഞിന്റെയും മാനസിക ആരോഗ്യം എങ്ങനെ പരിരക്ഷിക്കാം എന്നതിനെപ്പറ്റി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.ടെസ്സ്എസ്ഡി ക്ലാസ്സ് നയിച്ചു. ക്ലാസ്സിൽ സംബന്ധിച്ചവർ ഗർഭകാലത്തെയും പ്രസവസമയത്തേയും ജനിക്കുന്ന കുഞ്ഞിന്റെ മാനസിക ആരോഗ്യത്തെയും പറ്റിയുള്ള സംശയങ്ങൾ, ആകുലതകൾ ഇവ പങ്കുവയ്ക്കുകയും വേണ്ടനിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.








## 2 ആർദ്രം 2024



ഗ്രാന്റ് പേരെന്റ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 24 നു സീനിയർ സിറ്റിസൺസിന്റെ ഒരു സംഗമം നടത്തപ്പെട്ടു. കുടമാളൂർ പ്രദേശത്തുള്ള 60 വയസ് തികഞ്ഞ ആളുകളെയാണ് ഒരുമിച്ചു കൂട്ടിയത്. രാവിലെ പത്തുമണിയോടെ പരിപാടിക്ക് തുടക്കം കുറിച്ചു. ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിന്റെ ഡയറക്ടർ സി.ജ്യോതിസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഉദ്ഘാടന കർമം നിർവഹിക്കാൻ എത്തിയത് കുടമാളൂർ സംപ്രീതിയുടെ ഡയറക്ടറും എംസിബിഎസ് സഭാംഗവുമായ റവ.ഫാ.ടിജോ മുണ്ടുനടക്കൽ ആയിരുന്നു. കുടമാളൂർ ഫൊറോന, അസി.വികാരി റവ.ഫാ.പ്രിൻസ് എതിരേറ്റുകുടിലിൽ സന്നിഹിതനായിരുന്നു. വാർധക്യത്തിലും യുവത്വം എങ്ങനെ സ്വന്തമാക്കാം എന്ന വിഷയത്തെക്കുറിച്ച് ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളി അസി.വികാരി റവ.ഫാ. ജെറിൻ കാവനാട്ട് ക്ലാസ് നയിച്ചു. വളരെ മനോഹരമായ രീതിയിൽ കളിപ്പിച്ചും, ചിരിപ്പിച്ചും, ചിന്തിപ്പിച്ചും ആണ് അച്ചൻ ക്ലാസ് എടുത്തത്. പരിപാടിയിൽ പങ്കെടുത്ത എല്ലാ അപ്പച്ചന്മാരും അമ്മച്ചിമാരും മനസ് നിറഞ്ഞാണ് തിരികെ പോയത്. സംഗമത്തിന്റെ അവസാനം ശ്രീ ജോസ്കുട്ടി എല്ലാവർക്കും നന്ദി പറഞ്ഞു.



## 3 സ്പർശം 2024




കുട്ടികളിലെ ശാരീരിക, മാനസിക, ബൗദ്ധിക, ആശയ വിനിമയ തടസ്സ നിർണയിക്കുന്നതിനുള്ള ഒരു ക്യാമ്പ് സ്പർശം എന്ന പേരിൽ ജൂലൈ 27 ന് കുടമാളൂർ ആശാകേന്ദ്രയിൽ സംഘടിപ്പിച്ചു. ചെത്തിപ്പുഴ Multi Rehabilitation Center ടീം ആണ് ക്യാമ്പിന് നേതൃത്വം കൊടുത്തത്. ഏകദേശം 10 മണിയോടെ എട്ടു പേരടങ്ങുന്ന സംഘം ചെത്തിപ്പുഴയിൽ നിന്ന് എത്തി. Multi Rehabilitation Centre Principal, Sr. Ann Jose SD (MSc, B.Ed), Sr. Tess SD(Clinical Psychologist), Mrs. Manju Sankar (Rehabilitation Therapist), Ms. Jiji K George (MPT Physiotherapist), Sr. Ranit SD (MASLP Speech Therapist), Athira. V (B.Ed in Learning Disability), Sr.Neethu Rose (Occupational Therapist) എന്നിവർ ആണ് ക്യാമ്പ് നടത്തുവാൻ എത്തിയത്. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജി രാജേഷ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ബഹു.വാർഡ് മെമ്പർ ശ്രീമതി ത്രേസ്യാമ്മ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രാവിലെ 10 മണി മുതൽ 3 മണിവരെ ആയിരുന്നു ക്യാമ്പ്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.ടെസ്സ് എസ്ഡി കുട്ടികളിലെ മാനസിക ആരോഗ്യത്തെപ്പറ്റി കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസ് എടുത്തു. കുട്ടികളിലെ പഠനവൈകല്യം, ശ്രവണവൈകല്യം, സംസാരവൈകല്യം, ഓർമക്കുറവ്, പിരുപിരിപ്പ്, ADHD, Hyperactivity, സെറിബ്രൽ പാൾസി, ചലനവൈകല്യം, ഓട്ടിസം എന്നിങ്ങനെയുള്ള ശാരീരികവും ബൗദ്ധികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ മനസിലാക്കുവാനും ആവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കുവാനും, സഹായം നൽകുക, മാതാപിതാക്കൾക്ക് അവയെകുറിച്ച് ബോധവത്കരണം നൽകുക, ഫിസിയോതെറപ്പി, സ്പീച് തെറപ്പി, സൈക്കോതെറപ്പി, ഒക്കുപേഷണൻ തെറപ്പി, തുടങ്ങിയ സേവനങ്ങൾ നൽകുക എന്നതായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. കൂടാതെ സ്ട്രോക്ക്, സന്ധിവാതം, കഴുത്തുവേദന, മുട്ടുവേദന, നടുവേദന എന്നീ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുതിർന്നവർക്ക് രോഗനിർണയം നടത്തി പരിഹാരം കണ്ടെത്തുവാനും ക്യാമ്പ് സഹായകരമായിരുന്നു.







## 4 ഉണർവ് 2024

ഇടവകയുടെ നവീകരണം ലക്ഷ്യംവച്ച് ഉണർവ് എന്ന പ്രോഗ്രാം കാഞ്ഞിരപ്പള്ളി രൂപതയിലെ ചെമ്മണ്ണ് ഇടവകയിൽ സംഘടിപ്പിച്ചു. പ്രത്യേകമായും കൗൺസിലിംഗ്, വാല്യൂ എഡ്യൂക്കേഷൻ, മോട്ടിവേഷണൽ ക്ലാസ് എന്നിങ്ങനെ ആയിരുന്നു. സി.ജ്യോതിസ്, സി.തെരേസ് മാർട്ടിൻ, സി.ടെസ്സ്, സി.അമല അറയ്ക്കൽ, കോർഡിനേറ്റിംഗ് സെന്ററിലെ സോഷ്യൽ വർക്കർ നഫിത എന്നിവർ അടങ്ങുന്ന ടീം ആണ് ചെമ്മണ്ണിലേക്കു പോയത്. മാതാപിതാക്കൾ, യുവജനങ്ങൾ, കൗമാരക്കാർ, കുട്ടികൾ എന്നിങ്ങനെ നാല് വിഭാഗങ്ങളായി തിരിച്ചാണ് ക്ലാസുകൾ എടുത്തത്. ഉച്ചയ്ക്കുശേഷം കൗൺസിലിങ്ങിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. ചെമ്മണ്ണ് കോൺവെന്റിലെ സിസ്റ്റേഴ്സ് ആണ് പരിപാടി ക്രമീകരിച്ചത്. ഇടവക മുഴുവൻ ഉണർവിലേക്കും അഭിഷേകത്തിലേക്കും കടന്നു വരാൻ ഈ പ്രോഗ്രാം സഹായിച്ചു.









## 5 ആരംഭ് 2024





ചങ്ങനാശ്ശേരി എസ്ബി കോളേജിലെ ഒന്നാം വർഷ എം.എസ്.ഡബ്ല്യൂ വിദ്യാർഥികൾ ഫീൽഡ് വർക്കിനായി നമ്മുടെ സ്ഥാപനങ്ങളായ പ്രത്യാശാഭവൻ, അൽഫോൻസാ സ്നേഹനിവാസ്, സെന്റ് വിൻസെന്റ് പ്രൊവിഡൻസ് ഹോം, മേഴ്സിഹോം, എംആർടി, കരുണാലയ ഹോസ്പിസ്, സെന്റ് ജോസഫ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിൽ എത്തിയിരുന്നു. അവർക്കായി ആരംഭ് എന്ന പേരിൽ രണ്ടു ദിവസത്തെ ഫീൽഡ് വർക്ക് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ആദ്യദിവസത്തെ ക്ലാസുകൾ: ഏജൻസി പ്രൊഫൈലിനെക്കുറിച്ച് Sr. Little Therese SD യും (Director & Superior SD Convent, Mevida) Institution Registration Act കളെക്കുറിച്ച് Adv Sr. Jyothis ഉം (Director, Asha Kendra Social Welfare Center) ഫോക്കസ് ഏരിയയെകുറിച്ച് Sr Therese Martin SD (Ashakendra Social Welfare Center Coordinator) യും ക്ളാസ്സുകൾ നയിച്ചു. രണ്ടാം ദിവസം ആശാകേന്ദ്ര സോഷ്യൽ വർക്ക് സെന്ററിന്റെ Over all കോഓർഡിനേഷൻ, Acupuncture ചികിത്സരീതികൾ, Professional ethics and behaviour എന്നീ വിഷയങ്ങളെപ്പറ്റി യഥാക്രമം Nafitha Franclin( Social worker Asha kendra) Sr. July ( Acu Hr.), Shinta Charley, (Social worker Mercy Home) എന്നിവർ ക്ലാസ്സുകൾ നയിച്ചു. വിദ്യാർത്ഥികൾ സംശയനിവാരണം നടത്തുകയും വേണ്ട മാർഗനിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## 6 ജ്വാല 2024



യുവജനങ്ങൾക്കായി ജ്വാല 2024 സംഘടിപ്പിച്ചു. ജീവിത വിശുദ്ധിയുടെ പ്രാധാന്യത്തെപ്പറ്റിയും മാധ്യമസംസ്കാരത്തിൽ മാധ്യമങ്ങളെ ക്രിയാത്മക മായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രശസ്ത മോട്ടിവേഷണൽ സ്പീക്കറും ആർ.ജെയുമായ റവ. ഫാ.സിജോ ചേന്നാടൻ സി.എം.ഐ ക്ലാസ്സ് നയിച്ചു. ചിരിപ്പിച്ചും ചിന്തി ഷിച്ചും ആണ് അച്ചൻ ക്ലാസ് നയിച്ചത്. നല്ല സ്വഭാവരൂപീകരണം നടത്തുവാൻ നാം തന്നെ സ്വയം വിചിന്തനം ചെയ്യണം എന്നതായിരുന്നു അച്ചൻ എല്ലാവർക്കും നൽകിയ സന്ദേശം. കോട്ടയം സോണിലെ ജീസസ്‌യൂത്ത് അംഗങ്ങളുടെ നേതൃത്വ ത്തിൽ ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. കുടമാളൂർ പള്ളിയിലെ അസിസ്റ്റന്റ് വികാരി റവ.ഫാ.പ്രിൻസ് എതിരേറ്റുകുടിലിന്റെ സാനിധ്യവും പരിപാ ടിയിൽ ഉടനീളം ഉണ്ടായിരുന്നു. പഠനത്തിലും ജോലിത്തിരക്കിലുമായിരുന്ന യുവജനങ്ങൾക്ക് ചിന്തിക്കുവാനും സ്വയം വിലയിരുത്തുവാനുമുള്ള അവസര മായിരുന്നു ജ്വാല 2024 .



## 7 റെയിൻബോ 2024



5 മുതൽ 10 വയസു വരെ ഉള്ള കുട്ടികൾക്കായി കുട്ടികളിലെ മാനസികവും, സാമൂഹികവും, ധാർമികവുമായ വളർച്ചയ്ക്കും വികാസത്തിനും സഹായകരമാ വുന്ന ഒരു ത്രിദിന പരിപാടി നടത്തുകയുണ്ടായി ഓണാവധി വേളയിൽ ആണ് പരിപാടി നടത്തപ്പെട്ടത്. കോട്ടയം ജില്ലാ ശിശുസംരക്ഷണ ഓഫീസർ ശ്രീമതി ബീന സി ജെ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കുടമാളൂർ ഇടവക അസി. വികാരി റവ.ഫാ.നിതിൻ അമ്പലത്തുങ്കൽ ആശംസകൾ അർപ്പിച്ച് സംസാരി ച്ചു. ക്ലാസ് എടുക്കുവാനും കുട്ടികളിലെ സാമൂഹിക, മാനസിക, ധാർമിക തലങ്ങൾ വളർത്തുവാനും എത്തിയത് പ്രൊവിൻസിന്റെ എഡ്യൂക്കേഷൻ കൗൺസിലർ സി.ആനി ജോസ് എസ്ഡി, ഡീക്കൻ മിജോ എംസിബിഎസ്, സി.അനു റോസ് എസ്ഡി, സ്നേഹനിവാസിലെ സോഷ്യൽ വർക്കർ അൻസു പി എന്നിവർ ആയിരുന്നു. മൂന്ന് ദിവസങ്ങളിലായി വിവിധ വിഷയങ്ങ ളിലൂടെയാണ് ക്ലാസുകൾ കടന്നു പോയത്. ആദ്യദിവസത്തെ വിഷയങ്ങൾ:




Growing minds (Fostering mental wellbeing and building confidence, Developing positive mind set, Emotional regulation and management) രണ്ടാം ദിനം Empowering young minds (Cultivating team work and leadership, Enhancing communication skill, Developing social skills) എന്ന വിഷയത്തെ ആസ്പദ മാക്കി വിവിധ ക്ളാസുകൾ നടത്തപ്പെട്ടു. Values & Virtues (Developing strong sense of moral values and principles, Building character and responsibilities, Encourage problemsolving and decision making എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു മൂന്നാം ദിവസത്തെക്ളാസുകൾ. ആശാകേന്ദ്ര സെന്ററിന് കീഴിൽ ഫീൽഡ് വർക്ക് ചെയുന്ന വിദ്യാർത്ഥികളായ സ്വപ്ന കുര്യാക്കോസ്, അൽഫോൻസ് വർഗീസ് ജോൺ എന്നിവർ ആയിരുന്നു ക്യാമ്പ് കോർഡിനേറ്റർസ്, ലിന്റു ബിജുനൈനാൻ, ആതിര ദിലീപ്, ബിബിൻ ജോർജ് തോമസ്, അഞ്ചു മരിയ ജോസ് , സോന സോണി,ഏയ്ഞ്ചൽ സാബു എന്നിവർ ആയിരുന്നു ക്യാമ്പ് കമ്മിറ്റി മെംബേർസ്. രാവിലെ 9 മണിമുതൽ 12.30 വരെ ആയിരുന്നു പ്രോഗ്രാം. ഏകദേശം 50 ഓളം കുട്ടികൾ ആണ് പ്രോഗ്രാമിൽ പങ്കെടുക്കാൻ എത്തിയത്. കുടമാളൂർ റീജിയനിൽ ഉള്ള കുട്ടികളെ കൂടാതെ ആശാകേന്ദ്രയുടെ കീഴിൽ ഉള്ള ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളും പരിപാടിയിൽ പങ്കെടുക്കുവാൻ എത്തിയിരുന്നു. വിവിധ കളികളിലൂടെയും, ക്ലാസ്സുകളിലൂടെയും കുട്ടികൾക്ക് സാമൂഹിക, ധാർമിക, മാനസിക വളർച്ച എത്തുവാൻ റെയിൻബോ വളരെ ഉപകാരപ്രദമായിരുന്നു.





# ആർദ്രം 2024 @ ഗ്രെയ്സ് മൗണ്ട്




ഗ്രാൻഡ് പേരെന്റ്സ് ഡേയോടനുബന്ധിച്ച് 2024 ജൂലൈ 26 തിയതി ഗ്രേസ്മൌണ്ട്, എസ്ഡി കോൺവെന്റിൽ വെച്ച് ആർദ്രം എന്ന പേരിൽ 60 വയസിനു മുകളിൽ പ്രായമുള്ളവർക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. പ്രോഗ്രാം നടത്തിയത് വൈകിട്ട് 4 മണിമുതൽ 6 മണി വരെ ആയിരുന്നു. വിവിധ മത്സരങ്ങളും കലാപരിപാടികളും അവർക്കായി ഒരുക്കിയിരുന്നു. പ്രോഗ്രാമിന് ശേഷം സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.







## ഹോം ഡേ ആഘോഷം

ആഗോള കത്തോലിക്കാസഭ വിശുദ്ധയായി വണങ്ങുന്ന വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 ഞായറാഴ്ച സ്നേഹനിവാസിൽ ഭക്തിപൂർവം ആഘോഷിച്ചു. സ്നേഹനിവാസിന്റെ ഡയറക്ടർ ഫാദർ ചെറിയാൻ കാരിക്കൊമ്പിൽ മുഖ്യാതിഥിയായിരുന്ന ഈ ചടങ്ങിൽ സിസ്റ്റർ റോസ്മിൻ അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. ചെറിയാൻ കാരിക്കൊമ്പിൽ കുട്ടികൾക്ക് സന്ദേശം നൽകി. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം മാതൃകയാക്കി ജീവിക്കാൻ കുട്ടികളെപ്രചോദിപ്പിക്കുകയും ചെയ്തു. ചടങ്ങിൽ കുട്ടികൾ നിരവധി കലാപരിപാടികൾ അവതരിപ്പിച്ചത് ശ്രദ്ധേയമായി. അൽഫോൻസാമ്മയുടെ ജീവിതം പറയുന്ന പേപ്പർ പ്രസന്റേഷനുകൾ കുട്ടികൾ അവതരിപ്പിച്ചു, കൂടാതെ ഗ്രൂപ്പ് സോങ്, ഡാൻസ്, മ്യൂസിക്കൽ സ്കിറ്റ് എന്നിവയിലൂടെ കുട്ടികൾ അവരുടെ കലാപ്രതിഭ പ്രകടിപ്പിച്ചു. തുടർന്ന്, അൽഫോൻസാമ്മയുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി പരിപാടി അവസാനിച്ചു.

## ചാന്ദ്രദിനാഘോഷം

**കൊടിനാട്ടുംകുന്ന്** : മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയതിന്റെ ഓർമക്കായി ജൂലൈ 21 ചാന്ദ്രദിനമായി ആചരിക്കുന്നു. അതിന്റെ ഭാഗമായി പ്രത്യാശാഭവനിലെ കുട്ടികൾ ചാന്ദ്രദിനം സമുചിതമായി നടത്തി. അന്നേദിവസം കുട്ടികൾക്കു ചാന്ദ്രദിനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തി. കുട്ടികളിൽ ചാന്ദ്രദിനത്തിന്റെയും ബഹിരാകാശ ഗവേഷണത്തിന്റെയും പ്രാധാന്യത്തെയും പ്രസക്തിയെയും പറ്റി കൂടുതൽ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ക്വിസ് മത്സരം നടത്തിയത്.



# ലോക ഹൃദയദിനാചരണം




ലോക ഹൃദയദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 29 ഞായറാഴ്ച അൽഫോൻസ സ്നേഹനിവാസിൽ ലോക ഹൃദയ ദിനം ആഘോഷിച്ചു. ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യം കുട്ടികളിൽ ചെറുപ്പത്തിൽ തന്നെ ഉൾക്കൊള്ളിക്കാൻ ലക്ഷ്യമിട്ടാണ് ഈ പരിപാടികൾ സംഘടിപ്പിച്ചത്. ആദ്യം തന്നെ ഹൃദയാകൃതിയിലുള്ള ബാഡ്ജുകൾ നിർമിക്കുകയും തുടർന്ന് കുട്ടികൾ ഒരു സമീകൃതാഹാരചാർട്ട് തയ്യാറാക്കുകയും ചെയ്തു. പോഷകാഹാരത്തെക്കുറിച്ചുള്ള സ്വന്തം ധാരണകൾ വരച്ച് അവർ തങ്ങളുടെ സർഗാത്മകത പ്രകടമാക്കി. ശരിയായ ഭക്ഷണക്രമത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാനും ഇത് സഹായിച്ചു.

ഹൃദയത്തിന്റെ അടിസ്ഥാനഘടനയും, പ്രവർത്തനവും, സാധാരണ ഹൃദ്രോഗങ്ങളും അവയുടെ കാരണങ്ങളും തുടങ്ങിയ വിഷയങ്ങളെ പറ്റി ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി ഹൃദയ ആരോഗ്യം നിലനിർത്തുന്നതിന് കുട്ടികൾക്ക് എങ്ങനെ വ്യായാമവും സമതുലിത ആഹാരവും അവരുടെ ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും അവർക്ക് പ്രായോഗികമായ മാർഗനിർദ്ദേശങ്ങൾ നൽകി. ഈ പരിപാടിയുടെ മുഖ്യ ആകർഷണമായി കുട്ടികൾ വെള്ളവസ്ത്രവും ഹൃദയത്തിന്റെ ആകൃതിയിലുള്ള ബാഡ്ജും ധരിച്ച് മാരത്തണിനു പോവുകയും അതിലൂടെ മറ്റുള്ളവരിലേക്ക് ഹൃദയ രോഗങ്ങൾ ഒഴുവാക്കുന്നതിനു വേണ്ടിയുള്ള ഒരു ബോധവൽക്കരണം സന്ദേശം നൽകാനും സാധിച്ചു.

# സൗജന്യ മെഡിക്കൽ ആരോഗ്യ പരിശോധന ക്യാമ്പ്



**ബെൽത്തങ്ങാടി:** ബെൽത്തങ്ങാടി ജ്യോതി ആശുപത്രിയുടെ നേതൃത്വത്തിൽ ദയ സ്പെഷൽ സ്കൂളിൽ കുട്ടികൾക്കായി സൗജന്യ മെഡിക്കൽ ആരോഗ്യ പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ശാരീരികവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും എൻഡോസൾഫാൻ ഇരയായ കുട്ടികൾക്കും യുവാക്കൾക്കും സൗജന്യസേവനം നൽകുന്ന സ്പെഷ്യൽ സ്കൂൾ ആണിത്. അതിനാലാണ് ഈ കേന്ദ്രം തിരഞ്ഞെടുത്തത്. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി.മെറിറ്റ് (ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ), ഡോ. സി. ജെന്നിഫർ (മെഡിക്കൽ ഓഫീസർ), ഡോ. നവ്യ പോൾ (മെഡിക്കൽ ഓഫീസർ), സി. ധനിഷ (നേഴ്സ്), മിസ്, ജസീന്ത ടൗറോ, രഞ്ജിത്ത് (സപ്പോർട്ടീവ് സ്റ്റാഫുകൾ) പങ്കെടുത്തു. കുട്ടികൾക്കുള്ള പൊതു ആരോഗ്യ പരിശോധന നടത്തി. 82 കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുത്തു.





# അന്താരാഷ്ട്ര സമാധാന ദിനാചരണം



സെപ്റ്റംബർ 21 ശനിയാഴ്ച അൽഫോൻസ സ്നേഹനിവാസ് അന്താരാഷ്ട്ര സമാധാനദിനം ആചരിച്ചു. കുട്ടികൾ സമാധാനത്തിന്റെയും ഐക്യത്തിൻറെയും പ്രാധാന്യം മനസ്സിലാക്കുന്നതിനായി വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. 5,6 ക്ലാസിലെ കുട്ടികൾക്കായി "അന്താരാഷ്ട്ര സമാധാനം" എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചനാമത്സരം നടത്തി. കുട്ടികളുടെ സൃഷ്ടിപരവും കലാപരവുമായ കഴിവുകൾ വളർത്താനും സമാധാനത്തിന്റെ പ്രാധാന്യത്തെ അവരുടെ ആശയങ്ങളിലൂടെ വർണവിസ്മയം തീർക്കാനും ഇത് സഹായിച്ചു. സമാധാനവും ശാന്തതയും നിലനിർത്തുന്നതിനുള്ള പ്രാധാന്യത്തെ വിശദീകരിച്ചുകൊണ്ട് മെഡിറ്റേഷൻ ചെയ്യാൻ പഠിപ്പിക്കുകയും ലോകസമാധാനദിനത്തിന്റെ ഭാഗമായി കുട്ടികളെ കൊണ്ട് സ്ലോഗൻ എഴുതിപ്പിക്കുകയും റാലി സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് സമാധാനം എങ്ങനെ നിലനിർത്താൻ ആകും, ഓരോ പൗരനും എങ്ങനെ ഒരു സമാധാനപരമായ സമൂഹത്തെ സൃഷ്ടിക്കാൻ ആകും, അത് ഭവനങ്ങളിലും സ്കൂളുകളിലും എങ്ങനെ നടപ്പാക്കും എന്നതിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്തു. കുട്ടികളുടെ സജീവമായ പങ്കാളിത്തത്തോടുകൂടി സമാധാനദിനം വിജയകരമായി പര്യവസാനിച്ചു.

# മേഴ്‌സിഹോമിന്റെ സുവർണജൂബിലി സമാപനാഘോഷം



പലവർണത്തിലുള്ള കിളികുഞ്ഞുങ്ങൾക്ക് കൂടായിമാറുകയും അവയുടെ കുറവുകൾ തിരിച്ചറിഞ്ഞ് വേണ്ട പരിചരണം കൊടുത്ത് അവയെ സമൂഹമാകുന്ന ആകാശത്തിലേക്ക് ചിറകുവെച്ച് പറക്കാൻ പ്രാപ്തരാക്കുന്ന ഈ കാരുണ്യകരുതൽ അഞ്ച് പതിറ്റാണ്ട് പിന്നിട്ടു. ഒരു വർഷം നീണ്ടുനിന്ന സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഓഗസ്റ്റ് നാലിനു ചെത്തിപ്പുഴ ക്രിസ്തുജ്യോതി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് 2. 30 ന് മേഴ്‌സിഹോം മക്കളുടെ രംഗപൂജയോടെ ആരംഭിച്ചു. സെന്റ് ജോസഫ് പ്രൊവിൻസിന്റെ സാമൂഹ്യക്ഷേമവിഭാഗം കൗൺസിലർ സിസ്റ്റർ ജ്യോതിസ് എസ്ഡി സമ്മേളനത്തിൽ സന്നിഹിതരായ എല്ലാ വിശിഷ്ടാതിഥികൾക്കും, മറ്റെല്ലാവർക്കും സ്വാഗതം ആശംസിച്ചു. സെൻറ് ജോസഫ് പ്രൊവിൻസിന്റെ വികാർ പ്രൊവിൻഷ്യലും, മേഴ്‌സിഹോമിന്റെ മുൻ ഡയറക്ടറുമായിരുന്ന സിസ്റ്റർ റീജ എസ്ഡി ആമുഖസന്ദേശം പങ്കുവച്ചു. മേഴ്‌സിഹോമിന്റെ ചരിത്രനാളുകളും പ്രശസ്ത ആംഗ്ലോഐറിഷ് നാടകകൃത്തായ ജോർജ് ബർണാഡ്ഷായുടെയും പൗലോകൊയ്‌ലോയുടെയും വാക്കുകളും ഉൾപ്പെടുത്തിയ സന്ദേശം, മേഴ്‌സിഹോം എന്ന ദീപം ഇനിയുള്ള നാളുകളിലും പ്രകാശിക്കട്ടെ എന്ന പ്രാർത്ഥനയോടെ അവസാനിപ്പിച്ചു. യോഗത്തിന്റെ അധ്യക്ഷ എസ്ഡി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ ലിസ്‌ഗ്രേസ് എസ്ഡി അധ്യക്ഷപ്രസംഗം നടത്തി. ഓരോ വ്യക്തികളിലും നിക്ഷിപ്തമായ കഴിവുകളും സിദ്ധികളും വികസിപ്പിച്ച് സമഗ്രവ്യക്തിത്വങ്ങളുടെ ഉടമകൾ ആക്കുക എന്ന വലിയ ലക്ഷ്യം മേഴ്‌സിഹോം പൂർത്തീകരിച്ചു എന്നതിന്റെ തെളിവുകൾ ആണ് ഇന്ന് സമൂഹത്തിന്റെ പല ഉന്നതതലങ്ങളിലും എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ എന്ന് പറഞ്ഞ് ആരംഭിച്ച പ്രസംഗം വൈകല്യങ്ങൾ ഒരു വ്യക്തിയിലെ പ്രതിഭയെയും പ്രതീക്ഷയെയും തടസ്സപ്പെടുത്തുന്നില്ല എന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചു. തുടർന്ന് സീറോമലബാർ സഭ മേജർആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മേഴ്‌സിഹോമിൽ എസ്ഡി സിസ്റ്റേഴ്‌സ് ചെയ്യുന്നത് സാമൂഹികസേവനമല്ല മറിച്ച് സഭാവിശ്വാസത്തിന്റെ അടയാളവും പ്രതീകവുമാണെന്നും, ഇവർ ശുശ്രൂഷിക്കുന്നത് ഇവർക്ക് ദൈവത്തിന്റെ ഛായ ഉള്ളതുകൊണ്ടും ഇവർ ദൈവത്തിന്റെ തുടർച്ച ആയതുകൊണ്ടും ആണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പോളിയോബാധിതനും മേഴ്‌സിഹോമിന്റെ പൂർവവിദ്യാർത്ഥിയുമായ അനു കെ മുരളി തന്റെ കൈകൾകൊണ്ട് മെനഞ്ഞ ശില്പം പിതാവിന് സമ്മാനിക്കുകയും, അദ്ദേഹം അനു കെ മുരളിയെ അഭിനന്ദിക്കുകയും ചെയ്തു. 50 വർഷത്തിന്റെ ഓർമകൾ അടങ്ങിയ സ്മരണിക, ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പ്രകാശനം ചെയ്യുകയും, ആദ്യ പതിപ്പ് Avees ഗ്രൂപ്പിന്റെ ഡയറക്ടർ ശ്രീ. എ.വി.ജോർജിന് കൈമാറുകയുംചെയ്തു. പാർലമെന്റിലെ ഏറ്റവും സീനിയർ എംപി ശ്രീ കൊടിക്കുന്നിൽ സുരേഷ് മുഖ്യപ്രഭാഷണം നടത്തി. മേഴ്‌സിഹോം നൽകുന്ന സേവനം ദൈവനിശ്ചയവും ദൈവികവുമാണെന്ന് അദ്ദേഹം പ്രസംഗത്തിൽ കൂട്ടിച്ചേർത്തു. തുടർന്ന് മേഴ്‌സിഹോമിന് എന്നും അഭിമാനമായ നിലകൊള്ളുന്ന പ്രതിഭകളായ ഫിലോമിന മേരി, ദിലുമോൾ മരിയ തോമസ്, അനു കെ മുരളി, ലത ഗോപി, ബെന്നിച്ചൻ, അൽഫോൻസാ ജോസഫ്, സ്വപ്ന അഗസ്റ്റിൻ, സി. മരിയല്ല, സി. മേരിലാൽ എന്നിവരെ ചെത്തിപ്പുഴ കൊവേന്തയുടെ പ്രിയോർ റവ. ഫാ. തോമസ് കല്ലുകളം സി.എം.ഐ ആദരിക്കുകയും, മേഴ്‌സിഹോമും ആശ്രമവുമായി കാലാകാലങ്ങളായുള്ള ബന്ധം അനുസ്മരിച്ചുകൊണ്ട് പ്രാർത്ഥനയുടെയും, ആശംസയുടെയും നല്ല വാക്കുകൾ ഉൾകൊള്ളിച്ച് അനുഗ്രഹപ്രഭാഷണം നടത്തുകയുംചെയ്തു. സെൻറ് ജോസഫ് പ്രൊവിൻസിന്റെ എഡ്യൂക്കേഷൻ



വിഭാഗം കൗൺസിലർ സിസ്റ്റർ ആനി ജോസ് എസ്ഡിയാണ് അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തിയത്. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി മിനി വിജയകുമാർ, ചാരിറ്റിവേൾഡ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, സെന്റ് തോമസ് ഹോസ്പിറ്റലിന്റെ അസോസിയേറ്റീവ് ഡയറക്ടർ റവ. ഫാ.ജോഷി മുപ്പത്തിൽചിറ, കാലുകൊണ്ട് കാർ ഓടിച്ച ഏഷ്യയിലെ ആദ്യത്തെ വനിതയും, മേഴ്‌സിഹോമിന്റെ പൂർവ്വവിദ്യാർത്ഥിയുമായ ജിലുമോൾ മരിയറ്റ് തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മേഴ്‌സിഹോമിലെയും പ്രത്യാശാഭവനിലെയും കുട്ടികളും, എം.ആർ.ടി സ്റ്റുഡൻസും, സ്റ്റാഫും തങ്ങളുടെ കലാവിരുന്നു പ്രകടമാക്കിയത് സമ്മേളനത്തിന് മാറ്റുകൂട്ടി. തുടർന്ന് മേഴ്‌സിഹോം സുപ്പീരിയർ സിസ്റ്റർ സെലിൻ ജോസ് എല്ലാവർക്കും ഹൃദയംഗമമായ കൃതജ്ഞത അർപ്പിച്ചുകൊണ്ട് ആറുമണിയോടെ മീറ്റിംഗ് സമാപിച്ചു. തുടർന്ന് ക്രിസ്തുജ്യോതിഹോളിൽവച്ച് നടന്ന ചായ സൽക്കാരത്തോടെ എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു.



# സ്ഥാപകദിനാഘോഷം



എസ്ഡി സന്യാസസമൂഹത്തിന്റെ സ്ഥാപകനായ ധന്യൻ വർഗീസ് പയ്യപ്പിള്ളിയച്ചന്റെ മരണതിരുനാൾ ദിവസം സമൂഹങ്ങൾ ഉചിതമായി ആഘോഷിച്ചു. സമൂഹങ്ങളിൽ വല്യച്ചനോടുള്ള പ്രത്യേക പ്രാർത്ഥനയും ഇടവകപള്ളികളിൽ പ്രത്യേക അനുസ്മരണവും നടത്തി. ഒപ്പം തന്നെ പാവങ്ങളായ സഹോദരങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവർക്കാവശ്യമായ ഭക്ഷണം,വസ്ത്രം മുതലായവ നൽകുകയും ചെയ്തു.അഗതികളായ സഹോദരങ്ങളെ അനുസ്മരിക്കാതെ വല്യച്ചനെ അനുസ്മരിക്കാനാവില്ലെന്ന സത്യം ഒരിക്കൽക്കൂടി അനുസ്മരിപ്പിക്കുന്നതായിരുന്നു ഈ ഓർമദിനം.



# വയോജനദിനവും റൂബിജുബിലി ആഘോഷവും

പാലാ: ദേശിയ വയോജനദിനത്തോട് അനുബന്ധിച്ച് സെന്റ്. വിൻസെന്റ് പ്രോവിഡൻസ്ഹൗസിൽ സെപ്റ്റംബർ 29 നു സ്ഥാപനവാർഷികവും റൂബിജുബിലി വർഷ ആരംഭവും നടത്തി. വയോജനദിനത്തിന്റെ ഭാഗമായി നടന്ന പരിപാടിയിൽ റവ. സി. അമല അറയ്ക്കൽ എസ്ഡി (വൈസ്പ്രസിഡന്റ് & മാനേജർ സെന്റ്. വിൻസെന്റ് പ്രൊവിഡൻസ് ഹൗസ് പാലാ) എല്ലാവർക്കും സ്വാഗതം പറഞ്ഞു. റവ. സി. ആനിസ് എസ്ഡി (ട്രെഷറർ, സെന്റ്. വിൻസെന്റ് പ്രൊവിഡൻസ് ഹൗസ് പാലാ) മുൻവർഷത്തെ റിപ്പോർട്ട് അവതരണം നടത്തി. റവ. സി. ദീപ്തി ജോസ് (പ്രൊവിൻഷ്യൽ സുപ്പീരിയർ) ചടങ്ങിന് അധ്യക്ഷത വഹിച്ചു. പാലാ നഗരസഭ ചെയർമാൻ ശ്രീ. ഷാജു വിതുരുത്തൻ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് റവ. ഫാ. ജെയിംസ് നരിതൂക്കിൽ (പ്രിയോർ, സെന്റ്. വിൻസെന്റ്മോണാസ്ട്രി പാലാ) മുഖ്യപ്രഭാഷണവും, റവ.ഫാ. തോമസ് പുന്നത്താനത്ത് (വികാരി. സെന്റ്. ജോസഫ്ചർച്ച് കിഴതടിയൂർ)അനുഗ്രഹപ്രഭാഷണവും നടത്തി. റൂബിജുബിലി വർഷാരംഭ ഉദ്ഘാടനം റവ. ഫാ. ജോർജ് നെല്ലിക്കുന്ന് ചെരിവുപുരയിടം (ഡയറക്ടർ കെയർഹോംസ്, പാലാ രൂപത) നിർവഹിച്ചു. ശ്രീ. ആന്റോ ജോസ് പടിഞ്ഞാറേക്കര(വാർഡ് കൗൺസിലർ ) മുതിർന്ന വയോജനങ്ങളെ ആദരിച്ചു. ശ്രീ. ബിനു വി. എൽ (സബ് ഇൻസ്പെക്ടർ, പാലാ), ശ്രീ ഷാജി മാത്യു (സെക്രട്ടറി, റോട്ടറി ക്ലബ്, പാലാ), ശ്രീ. എ. വി. അബ്രാഹം ഐക്കരകുന്നേൽ (എം. സി. ആർ. എ പ്രസിഡന്റ്, പാലാ) ശ്രീ. ജോബ് അഞ്ചേരിയിൽ (ഫ്രണ്ട്സ് ഓഫ് ദി ഡെസ്റ്റിട്യൂട്ട് റെപ്രസെന്റേറ്റീവ്) എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് റവ. അഡ്വ. സി. ജ്യോതിസ് എസ്ഡി. (പ്രസിഡന്റ് സെന്റ്. വിൻസെന്റ് പ്രൊവിഡൻസ്, സോഷ്യൽ കൗൺസിലർ എസ്ഡി ചങ്ങനാശ്ശേരി പ്രൊവിൻസ്) എല്ലാവർക്കും നന്ദിപറഞ്ഞു. വിവിധ കലാപരിപാടികളോടെ യോഗം സമാപിച്ചു.




# സൗജന്യ ദന്ത പരിശോധനയും ക്യാമ്പും

പാലാ സെന്റ് വിൻസെന്റ് പ്രൊവിഡൻസ് ഹൗസിൽ, ജൂലൈ 28 നു ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ കേരളയുടെ നേതൃത്വത്തിൽ സൗജന്യ ദന്ത പരിശോധനയും ക്യാമ്പും നടത്തി. സ്ഥാപനത്തിലെ അംഗങ്ങൾ എല്ലാവർക്കും ദന്തപരിശോധന നടത്തുകയും ആവശ്യമുള്ളവർക്ക് തുടർ ചികിത്സക്ക് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ കേരള ക്യാമ്പിന്റെ ഭാഗമായി എല്ലാ അംഗങ്ങൾക്കും സൗജന്യ ഡെന്റൽ കിറ്റ് വിതരണം ചെയ്യുകയും അവരുടെ സംഭാവന തുക ഏല്പിക്കുകയും ചെയ്തു.





# സൗജന്യ തൈറോയിഡ് പരിശോധന ക്യാമ്പ്

സെന്റ്. വിൻസെന്റ് പ്രൊവിഡൻസ് ഹൗസ് പാലായിൽ തൈറോനോം കമ്പനിയുടെയും DDRC യുടെയും നേതൃത്വത്തിൽ ജൂലൈ 27 നു സൗജന്യ തൈറോയ്ഡ് നിർണയ ക്യാമ്പ് നടത്തി. ചങ്ങനാശ്ശേരി തൈറോനോം കമ്പനിയിൽ നിന്ന് അവർ എത്തുകയും എല്ലാ അംഗങ്ങളുടെയും രക്തസാമ്പിളുകൾ എടുക്കുകയും ചെയ്തു. തുടർ ചികിത്സ ആവശ്യമായവർക്ക് വേണ്ട മാർഗനിർദേശം നൽകുകയും ചെയ്തു.തൈറോയ്ഡ് നിർണയ ക്യാമ്പ് ഇവിടുത്തെ അംഗങ്ങൾക്ക് വലിയ ഉപകാരപ്രദമായി.

# സ്വാതന്ത്ര്യ ദിനാഘോഷം



**ചെത്തിപ്പുഴ**: ഇന്ത്യയുടെ 77-ാം മത് സ്വാതന്ത്ര്യ ദിനവും മാതാവിന്റെ സ്വർഗാരോപണ തിരുനാളും ആഗസ്റ്റ് 15-ന് മേഴ്സി ഹോമിൽ ആഘോഷിച്ചു. രാവിലെ ദേശിയ പതാക ഉയർത്തി ദേശിയഗാനം ആലപിക്കുകയും, സ്വാതന്ത്ര്യദിനത്തിന്റെ സന്തോഷം പങ്കുവച്ച് മധുരം വിതരണം ചെയ്തു. കുട്ടികൾ അവതരിപ്പിച്ച നൃത്തം ഏവരിലും ദേശസ്നേഹം ഉണർത്തി.

**ഫാത്തിമാപുരം**: രാജ്യത്തിന്റെ 77-ാം മത് സ്വാതന്ത്ര്യദിനം അൽഫോൻസാ സ്നേഹനിവാസിൽ സമുചിതമായി ആഘോഷിച്ചു. റവ. ഫാ. ജെയ്മോൻ വടക്കേക്കളം പതാക ഉയർത്തി. കുട്ടികൾ സ്വാതന്ത്ര്യത്തിന്റെയും ഐക്യത്തിന്റെയും മഹത്വം വർണിക്കുന്ന പ്രമേയങ്ങളിൽ നൃത്തങ്ങളും ഗാനങ്ങളും അവതരിപ്പിച്ചു.

കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ചിത്രരചനാമത്സരവും പ്രഭാഷണമത്സരവും ദേശഭക്തിഗാനമത്സരവും നടത്തി. ഇവയിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകാനുള്ള ചടങ്ങിന് ആശാകേന്ദ്ര സോഷ്യൽ വെൽഫയർ സെന്റർ ഡയറക്ടറും സോഷ്യൽ അപ്പോസ്തോലേറ്റ് കൗൺസിലറുമായ അഡ്വ. സിസ്റ്റർ ജ്യോതിസും ആശാകേന്ദ്ര കോർഡിനേറ്റർ സിസ്റ്റർ തെരേസ് മാർട്ടിനും അൽഫോൻസാ സ്നേഹനിവാസ് മാനേജർ സിസ്റ്റർ റോസ്മിനും പങ്കെടുത്തു.







**കൊടിനാട്ടുംകുന്ന്**: ഭാരതത്തിന്റെ 77-ാം സ്വാതന്ത്ര്യദിനാഘോഷം പ്രത്യാശാഭവനിൽ വളരെ മനോഹരമായി ആഘോഷിച്ചു . രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട ചെറിയാൻ കാരിക്കൊമ്പിൽ അച്ചൻ പതാക ഉയർത്തി. കുമാരി ലിയാ മോൾ ജോർജ് സ്വാതന്ത്ര്യ ദിന സന്ദേശം നൽകി. അന്നേദിവസം കുട്ടികൾക്കായി ഭാരതാംബ, ഫാൻസി ഡ്രസ്സ് , പ്രസംഗം, ദേശഭക്തിഗാനം, ദേശീയഗാനം, ടാബ്ലോ എന്നി മത്സരങ്ങൾ നടത്തി. കൊടിനാട്ടുംകുന്ന് സെന്റ്.സെബാസ്റ്റ്യൻസ് പള്ളിയിലെ സൺഡേ സ്കൂൾ അധ്യാപകരായ ശ്രീമതി ഷൈനി, ശ്രീമതി ജ്യോതി എന്നിവരാണ് മത്സരങ്ങൾക്കു വിധികർത്തക്കളായി എത്തിയത്. മത്സരങ്ങൾക്ക് ശേഷം വിജയികളായവർക്കു ഡയറക്ടർ സിസ്റ്റർ അനു റോസ് സമ്മാനങ്ങൾ നൽകി .



# ഓണാഘോഷം

**മേഴ്സി ഹോം:** 2024 ലെ ഓണാഘോഷം സെപ്റ്റംബർ 15 - ന് മേഴ്സിഹോമിൽ നടന്നു. കുട്ടികളും മുതിർന്നവരും ചേർന്ന് പൂക്കളം ഒരുക്കി. ഓണപ്പാട്ടും, തിരുവാതിരയും കുട്ടികൾ അവതരിപ്പിച്ചു. ആഘോഷത്തോടനുബന്ധിച്ച് സുന്ദരിക്ക് പൊട്ടുതൊടൽ, കസേരകളി, Ball Passing, Spoon Race, Ball Balancing എന്നീ മത്സരങ്ങൾ നടത്തി. ഉച്ചക്ക് ഓണസദ്യ എല്ലാവരും ചേർന്ന് കഴിച്ചു.



**അൽഫോൻസ സ്നേഹനിവാസ്:** കുട്ടികൾക്ക് ഓണക്കോടി നൽകിക്കൊണ്ടും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശയം പങ്കുവെച്ചുകൊണ്ടും ഓണാഘോഷ പരിപാടികൾ ആരംഭിച്ചു.മനോഹരമായ ഓണക്കളം ഒരുക്കുന്നതിൽ കുട്ടികൾ ആവേശത്തോടെ ഏർപ്പെട്ടു.

കസേര കളി , പേപ്പർ കപ്പ് പിരമിഡ്, വള്ളംകളി , ബാലൻസ് വിത്ത് ബലൂൺ, കപ്പും വടിയും, ബലൂൺ ഡാൻസ്, ബക്കറ്റിൽ നാണയം, ചാക്കിൽ ഓട്ടം , വടംവലി തുടങ്ങി രസകരമായ കളികൾ കുട്ടികൾക്കായി സംഘടിപ്പിച്ചു. ഓരോ ഗെയിമും കുട്ടികളുടെ മത്സര മനോഭാവവും ടീം വർക്കും പുറത്തെടുത്തു. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ ചടങ്ങിൽ പങ്കെടുത്ത് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.



**പ്രത്യാശ ഭവൻ:** പ്രത്യാശ ഭവനിലെ ഓണാഘോഷം വളരെ മനോഹരമായി നടത്തപ്പെട്ടു. അന്നേ ദിവസം കുട്ടികൾക്കായി വിവിധ ഓണക്കളികളും സംഘടിപ്പിച്ചു. കസേരകളി, താവളച്ചാട്ടം, നാരങ്ങാ സ്പൂൺ എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. കുട്ടികൾ എല്ലാവരും വളരെ സന്തോഷത്തോടെയും ഉത്സാഹത്തോടെയുമാണ് പരിപാടികളിൽ എല്ലാം പങ്കെടുത്തത്. ശേഷം കുട്ടികൾക്കായി ഓണസദ്യയും ഒരുക്കിയിരുന്നു .



## ഡയറക്ടേഴ്സ് ഡേ ആഘോഷങ്ങളിലൂടെ

അതിരൂപതാ പ്രോക്യൂറേറ്ററും അൽഫോൻസാ സ്നേഹനിവാസിന്റെ ഡയറക്ടറുമായ ഫാദർ ചെറിയാൻ കാരിക്കൊമ്പിലിന്റെ നാമഹേതു തിരുന്നാൾ ജൂലൈ 14ന് സ്നേഹനിവാസിൽ ആഘോഷിച്ചു. ആഘോഷ പരിപാടികളിൽ കുട്ടികൾ സജീവമായി പങ്കെടുത്തു. ആക്ഷൻ സോങ്, ഗ്രൂപ്പ് സോങ്, പ്രസംഗം, കോമഡി സ്കിറ്റ്, നൃത്തം എന്നിവയിലൂടെ കുട്ടികൾ കലാ പ്രൗഢി തെളിയിച്ചു. പരിപാടിയുടെ സമാപന സദസ്സിൽ സ്നേഹനിവാസ് മാനേജർ സിസ്റ്റർ റോസ്മിൻ, സിസ്റ്റർ സാരൂപ്യാ, സിസ്റ്റർ ജിഷ, സിസ്റ്റർ അതുല്യ എന്നിവർ പങ്കെടുക്കുകയും, കുട്ടികളുടെ കഴിവുകളെ അഭിനന്ദിക്കുകയും ചെയ്തു. ഫാദർ ചെറിയാൻ കാരിക്കൊമ്പിൽ കുട്ടികൾക്ക് നന്ദി പറഞ്ഞ് അവരെ ആശിർവദിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു.




# വിജയത്തിളക്കത്തിൽ

ഓണാഘോഷത്തോടനുബന്ധിച്ച് റേഡിയോ മീഡിയ വില്ലേജ് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ അൽഫോൻസാ സ്നേഹനിവാസിലെ കുട്ടികൾ പങ്കെടുത്ത് ശ്രദ്ധേയമായ വിജയം കരസ്ഥമാക്കി. ഓണക്കളം മത്സരത്തിൽ ഒന്നാം സമ്മാനവും ഓണരാഗം സംഘഗാനമത്സരത്തിൽ പ്രോത്സാഹനസമ്മാനവും ഇവർക്ക് ലഭിച്ചു. കൂടാതെ വടംവലി കമന്ററി മത്സരത്തിലും, ഉണ്ണിമാവേലി മത്സരത്തിലും പങ്കെടുത്തു.






# അനുഗ്രഹമായി അനുഗ്രഹ സ്പെഷ്യൽ സ്കൂൾ




റീജണൽ ഡേയോടനുബന്ധിച്ച് അനുഗ്രഹ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ റീജണൽ ഹൗസിൽ ബ്ലഡ് ഡൊണേഷൻ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സ്കിറ്റ് അവതരിപ്പിച്ചു. നമ്മുടെ ഫൗണ്ടർ ഫാദറിന്റെ ബർത്ത് ഡേയോട് അനുബന്ധിച്ച് കുട്ടികളും അധ്യാപകരും ഒന്നുചേർന്ന് വല്യച്ചന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിച്ചു. സ്പെഷ്യൽ ചിൽഡ്രൻസ് സ്പോർട്സ് അക്കാഡമി സംഘടിപ്പിച്ച സ്പോർട്സിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു. യൂണിഫൈഡ് കാർണിവൽ ഫെസ്റ്റിവലിൽ പങ്കെടുക്കുകയും പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു.

സെപ്റ്റംബർ 5 ടീച്ചേർസ് ഡേയോട് അനുബന്ധിച്ച് ടീച്ചേഴ്സിന് ശ്രീമതി ടീന സന്തോഷ് ക്ലാസെടുക്കുകയും ചെയ്തു. തുടർന്ന് കുട്ടികൾ ടീച്ചേഴ്സിനെ വിഷ് ചെയ്യുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. പിച്ചാണ്ടികുളം ഫോറസ്റ്റ് എൻജിഒ കുട്ടികൾക്ക് വൃക്ഷലതാദികളെകുറിച്ച് ക്ലാസ്സുകൾ നടത്തുകയും അവരുടെ സ്ഥലം സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുകയും ചെയ്തു.

# കുഞ്ഞുമക്കളുടെ അധ്യാപകദിനാഘോഷം



കോട്ടാങ്ങൽ ഇൻഫന്റ് ജീസസ് സൺഡേ സ്കൂളിൽ അധ്യാപക ദിനാഘോഷം നടത്തപ്പെട്ടു. കുഞ്ഞുമക്കളെല്ലാം തങ്ങളുടെ അധ്യാപകർക്ക് നൽകാൻ പൂക്കളുമായാണ് എത്തിയത്. പൂക്കളെപോലെ വിടർന്ന മുഖവുമായെത്തിയ കുഞ്ഞുമക്കളെ അധ്യാപകർ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. പാട്ടും മേളവുമായി കുഞ്ഞുങ്ങൾ അധ്യാപകർക്ക് അധ്യാപകദിനത്തിന്റെ മംഗളങ്ങൾ നേർന്നു. അധ്യാപകർ കുഞ്ഞുങ്ങൾക്ക് മധുരം വിതരണം ചെയ്തു.



# അദ്ധ്യാപകദിനം ആഘോഷിച്ചു

അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് പ്രത്യാശാഭവനിലെ അദ്ധ്യാപകരായ സിസ്റ്റർ ടെസ്സ്മിൻ, സിസ്റ്റർ ജസീന, റിട്ട. അദ്ധ്യാപികയായ സിസ്റ്റർ മരിയറ്റ്, സിസ്റ്റർ അനു റോസ് എന്നിവർക്ക് കുട്ടികൾ ആശംസകൾ അറിയിച്ചു. ഒപ്പം കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തുകയും കുമാരി ലിയാമോൾ അദ്ധ്യാപകദിന സന്ദേശം നൽകുകയും ചെയ്തു.

സെപ്റ്റംബർ 5-ന് മേഴ്സിഹോമിൽ അധ്യാപകദിനം ആഘോഷിച്ചു. വിദ്യാഭ്യാസമേഖലയിലുള്ള അധ്യാപകരുടെ സമർപ്പണത്തെ ആദരിക്കുവാൻ അധ്യാപകരായി സേവനം ചെയ്തിട്ടുള്ളതും, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ മേഴ്സിഹോമിലെ സിസ്റ്റേഴ്സിന് കുട്ടികൾ സ്വയം തയ്യാറാക്കിയ wishing card നൽകി ആദരിച്ചു.



അൽഫോൻസ സ്നേഹനിവാസ് അർപണബോധമുള്ള അധ്യാപകരെ ആദരിച്ചുകൊണ്ട് വളരെ ആവേശത്തോടെ അധ്യാപകദിനം ആഘോഷിച്ചു. കുട്ടികൾ തങ്ങളുടെ അധ്യാപകരായ റവ. സിസ്റ്റർ ജിഷയോടും റവ. സിസ്റ്റർ സാരൂപ്യയോടും നന്ദി പ്രകടിപ്പിക്കാനുള്ള അവസരമാക്കി ദിനത്തെ മാറ്റി. പുരാതന ഗുരുശിഷ്യപാരമ്പര്യം പ്രതിഫലിക്കുന്ന തരത്തിൽ വേഷമണിഞ്ഞ് പരമ്പരാഗത പ്രാർത്ഥനാഗാനത്തോടെയാണ് പരിപാടി ആരംഭിച്ചത്. പരിപാടിയിൽ ഡോ. എസ്. രാധാകൃഷ്ണന്റെ വേഷം ധരിച്ച ഒരു വിദ്യാർത്ഥി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഹ്രസ്വചരിത്രവും വിദ്യാഭ്യാസത്തിന് അദ്ദേഹം നൽകിയ സംഭാവനകളും പങ്കുവച്ചു. അധ്യാപകരുടെ പ്രാധാന്യം ഉയർത്തിക്കാട്ടിക്കൊണ്ട് മറ്റൊരു വിദ്യാർത്ഥി ഹൃദയംഗമമായ അനുമോദനപ്രസംഗം നടത്തി. അദ്ധ്യാപകതൊഴിൽ മറ്റെല്ലാ തൊഴിലിനെയും എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് കുട്ടികൾക്ക് മനസിലാക്കത്തക്കവിധത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തത്. കുട്ടികൾ വിവിധ കലാപരിപാടികൾ നടത്തി.



# ഹോം മിഷൻ



ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള അരുവിക്കുഴി ഇടവകയിൽ അഭിഷേകത്തിന്റെ നിറവുമായി ഹോം മിഷൻ നടത്തപ്പെട്ടു. ഏകദേശം 430 കുടുംബങ്ങളുള്ള അരുവിക്കുഴി ഇടവകയിൽ 13 ദിവസങ്ങളിലായി സിസ്റ്റേഴ്സും അല്മായരും അടങ്ങുന്ന 45 സഹോദരങ്ങൾ ആത്മാക്കളുടെ രക്ഷക്കായി അത്യധ്വാനം ചെയ്തു. മധ്യസ്ഥപ്രാർത്ഥനയും ഭവനസന്ദർശനവും വഴി സുവിശേഷസാക്ഷ്യം പകരാനും ഇടവകമക്കൾക്കു ഈശോയെ നൽകാനും ഹോം മിഷൻ വഴി സാധിച്ചു.



# ഫ്രെണ്ട്സ് ഓഫ് ദി ഡെസ്റ്റിട്യൂട്ട് സംഗമം



Friends of the Destitute ന്റെ മീറ്റിംഗ് ആലപ്പുഴ കരുണാലയത്തിൽവച്ച് നടക്കുകയുണ്ടായി. 30 പേരോളം മീറ്റിംഗിൽ സംബന്ധിച്ചു. പ്രാർത്ഥനയ്ക്ക് ശേഷം മീറ്റിംഗ് ആരംഭിച്ചു. Sr. Anette എല്ലാവരെയും സ്വാഗതം ചെയ്തു. സി. ആനി ജോസ് ഈ കൂട്ടായ്മയുടെ ലക്ഷ്യത്തെപ്പറ്റി വിവരിച്ചു. യൗസേപ്പിതാവിന്റെയും വല്യച്ചന്റെയും രൂപത്തിന് മുൻപിൽ ഒരുക്കിയിരുന്ന ദീപം തെളിയിച്ചുകൊണ്ട് അച്ചൻ ഉദ്ഘാടനകർമം നിർവഹിച്ചു സംസാരിച്ചു. എല്ലാവർക്കും സ്നേഹവിരുന്നും വല്യച്ചന്റെ photo യും നൽകി. അങ്ങനെ പുതിയ ഒരു തുടക്കം കുറിക്കുവാൻ സാധിച്ചു.





# ആരോഗ്യപരിശോധന ക്യാമ്പ്

Indian Dental Association ന്റെ ആഭിമുഖ്യത്തിൽ മേവിട ഇമ്മാനുവൽ ഹോമിലെ റസിഡൻസിനായി സൗജന്യ ദന്തപരിശോധന ക്യാമ്പ് നടത്തി. ഡോക്ടേഴ്സും നേഴ്സസും ഉൾപ്പെടെ ഒരു ടീം ആയി ഹോമിൽ എത്തുകയും ക്യാമ്പ് നടത്തുകയും ചെയ്തു. ക്യാമ്പിൽ എല്ലാ റെസിഡന്റ്സിന്റെയും ദന്തപരിശോധന നടത്തി. മാർ സ്ലീവാ മെഡിസിറ്റിയുടെയും DDRC യുടെയും ആഭിമുഖ്യത്തിൽ ഇമ്മാനുവൽ ഹോമിലെ റസിഡൻസിനായി രക്തപരിശോധന ക്യാമ്പ് നടത്തി.





# ഗുരുവന്ദനം




സെപ്റ്റംബർ അഞ്ചാം തീയതി എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ഗുരുവന്ദനം' എന്ന പേരിൽ അധ്യാപകദിനാചരണം നടത്തി. അധ്യാപനവൃത്തിയിൽ നിന്നും വിരമിച്ച അധ്യാപകർ അടക്കം വിദ്യാഭ്യാസമേഖലയിലെ വിവിധരംഗങ്ങളിൽ ജോലിചെയ്യുന്നവരും പഠനം പൂർത്തിയാക്കിയവരുമായ അധ്യാപികസഹോദരിമാർക്ക് വേണ്ടിയാണ് പരിപാടി ഓൺലൈനിൽ സംഘടിപ്പിച്ചത്. പ്രാർത്ഥനയോടുകൂടി പരിപാടി ആരംഭിച്ചു. തുടർന്ന് അധ്യാപക വിദ്യാർത്ഥികളായ സഹോദരിമാരുടെ നേതൃത്വത്തിൽ വന്ദനഗാനം, ആശംസകൾ നേർന്നുകൊണ്ടുള്ള വീഡിയോപ്രദർശനം എന്നിവയിലൂടെ അധ്യാപികസഹോദരിമാർക്ക് ആദരമർപ്പിച്ചു. സ്വന്തം ജീവിതത്തിലൂടെയും അനുഭവങ്ങളിലൂടെയും അധ്യാപകദിനത്തിന്റെ സന്ദേശം പകരുന്ന ക്ലാസ് പത്തനാപുരം മൗണ്ട് താബോർ ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ഡോക്ടർ റോസമ്മ ഫിലിപ്പ് നയിച്ചു. എസ്ഡി സുപ്പീരിയർ ജനറൽ മദർ ലിസ്ഗ്രേയ്സ് സമാപന സന്ദേശം നൽകി. ഏറെ പ്രത്യേകതകൾ നിറഞ്ഞ ആധുനിക തലമുറയുടെ ഇടയിൽ അധ്യാപനം വളരെ ശ്രമകരമായ ഒന്നായി തീർന്നിരിക്കുമ്പോൾ ഈ അധ്യാപകദിനാഘോഷം എല്ലാ അധ്യാപികസഹോദരിമാർക്കും നവോന്മേഷവും പ്രചോദനവും പകരുന്നതായിരുന്നു.

# ഫോക്കസ് ഏരിയ വാർത്തകൾ



MRTയിൽ നടത്തപ്പെടുന്ന RCI അംഗീകൃത DRT (ഡിപ്ലോമ ഇൻ റീഹാബിലിറ്റേഷൻതെറാപ്പി) കോഴ്സിന്റെ പതിനാറാമത് ബാച്ചിലെ കുട്ടികളുടെ പ്രവേശനം ജൂലൈ 18 നു ചെത്തിപ്പുഴ MRTയിൽ വച്ച് നടത്തപ്പെട്ടു. CMI സെമിനാരി പ്രിയോർ, റവ.ഫാ.തോമസ് കല്ലുകളം, പ്രൊവിൻഷ്യൽസുപ്പീരിയർ മദർ ദീപ്തി ജോസ്, സ്പെഷ്യൽ ഗസ്റ്റ് ശ്രീമതി സ്മിത തോമസ്, Assumption കോളേജ് പ്രൊഫസർ തുടങ്ങിയവർ വിശിഷ്ടാതിഥികൾ ആയിരുന്നു. Multi Rehabilitation Centerലെ രണ്ടാംവർഷ DRT കുട്ടികളുടെ Oath taking ceremony ജൂലൈ 18, 2024 ൽ മേഴ്സിഹോം ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു .



## ബോധവത്കരണ ക്ലാസ്



ആലപ്പുഴ: ജൂലൈ 27 വെള്ളിയാഴ്ച സെന്റ് ജോസഫ് റിഹാബിലിറ്റേഷൻ സെന്ററിൽ ലേണിങ് ഡിസെബിലിറ്റി അവയർനസ് ക്ലാസ് സ്പെഷ്യൽ എഡ്യൂക്കേറ്ററായ മിസ്സ് അമ്മുവിന്റെ നേതൃത്വത്തിൽ നൽകുകയുണ്ടായി. ലേണിംഗ് ഡിസെബിലിറ്റിയെ പറ്റിയുള്ള വിശദമായ അവലോകനം ഈ ക്ലാസ്സിലൂടെ മറ്റുള്ള അധ്യാപകരിലേക്ക് വിശദമായി തന്നെ നൽകപ്പെട്ടു.

ആലപ്പുഴ :ഓഗസ്റ്റ് 9,നു സെന്റ് ജോസഫ് റീഹാബിലിറ്റേഷൻ സെന്ററിൽ സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ് ആൻഡ് ഓഡിയോളജിസ്റ്റുമായ സിസ്റ്റർ റാണിറ്റിന്റെ സ്പീച്ച് തെറാപ്പിയുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണ ക്ലാസ്സ് നമ്മുടെ സെന്ററിലെ കുട്ടികളുടെ മാതാപിതാക്കൾക്കായി നൽകപ്പെട്ടു. രോഗാവസ്ഥയുടെ ഭാഗമായി കുട്ടികളിൽ കാണുന്ന ഭാഷാപരമായിട്ടുള്ള പരിമിതികളെ പറ്റിയുള്ള കൃത്യമായ ബോധ്യം മാതാപിതാക്കൾക്ക് നൽകുവാൻ ഈ പ്രോഗ്രാമിലൂടെ സാധിക്കുകയും ചെയ്തു.




## അദ്ധ്യാപകദിനം

ചെത്തിപ്പുഴ : സെപ്റ്റംബർ 5 അദ്ധ്യാപകദിനം അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചു ആഘോഷിക്കുകയുണ്ടായി. Dr. R V Nair, Pediatrician, സഞ്ജീവനി ഹോസ്പിറ്റൽ, ചങ്ങനാശേരി മുഖ്യഅതിഥിയായി പങ്കെടുത്ത അന്നേ ദിവസം തന്നെ നവീകരിച്ച ഒക്ക്യൂപേഷ്ണൽ തെറാപ്പി യൂണിറ്റിന്റെ ഉത്ഘാടന കർമവും നടത്തപ്പെട്ടു.

ആലപ്പുഴ: സെപ്റ്റംബർ 7 ശനിയാഴ്ച അധ്യാപകദിനത്തോടാനുബന്ധിച്ച് ബോധവത്കരണ ക്ലാസ്സ് ആലപ്പുഴ സെന്റ് ജോസഫ് റീഹാബിലിറ്റേഷൻ സെന്ററിൽ സിസ്റ്റർ ആനി ജോസ് (എഡ്യൂക്കേഷൻ കൗൺസിലർ ) നൽകുകയുണ്ടായി. അദ്ധ്യാപകരായ സ്റ്റാഫ് മെമ്പേഴ്സിന് ഈ ക്ലാസ്സ് തികച്ചും പ്രചോദനകരമായി തീർന്നു.







## ഓണാഘോഷം



ആലപ്പുഴ : സെന്റ് ജോസഫ് റീഹാബിലിറ്റേഷൻ സെന്ററിലെ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 13ന് വർണാരവങ്ങളോടുകൂടി സെന്ററിൽ നടത്തപ്പെട്ടു. സെന്റർ ഇൻചാർജ് ആയ സിസ്റ്റർ എലിസബത്ത് മരിയയുടെ നേതൃത്വത്തിൽ കുട്ടികളുടെയും സ്റ്റാഫ്മാരുടെയും വിവിധതരം ഗെയിംസ് നടത്തപെട്ടു. ഓണാഘോഷപരിപാടിയ്ക്കു മാറ്റുകൂട്ടുവാനായി സെന്റ് ജോർജ് ഇടവകവികാരി ഫാ. ജോബിൻ തൈപ്പറമ്പിൽ, ഡീക്കൻ ജെറിൻ ഇല്ലിക്കൽ സിഎംഐ, കരുണാലയ വൃദ്ധമന്ദിരത്തിലെ സുപ്പീരിയർ സിസ്റ്റർ അനറ്റ് എന്നിവർ അതിഥികളായി എത്തിച്ചേർന്നു.



ആലപ്പുഴ : സെപ്റ്റംബർ 20 വെള്ളിയാഴ്ച സ്റ്റാഫിനായി ഫോണിക്സിന്റെ ക്ലാസ് മിസ്സ് ജിൻസിയുടെ നേതൃത്വത്തിൽ നൽകുകയുണ്ടായി. ഈ ക്ലാസ്സ് രോഗാവസ്ഥയുമായി ബന്ധപ്പെട്ട കുട്ടികളെ ശരിയായവിധം ട്രെയിൻ ചെയ്യിക്കുന്നതിന് ഏറെ പ്രയോജനപ്പെടുകയുണ്ടായി.

## കോഗ്നിറ്റീവ് റിട്രെയിനിങ് ട്രെയിനിങ്



ആലപ്പുഴ : സെപ്റ്റംബർ 28 സെന്റ് ജോസഫ് സെന്ററിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.ടെസ്സിന്റെ നേതൃത്വത്തിൽ സ്റ്റാഫ് മെമ്പേഴ്സിന് ആയിട്ടുള്ള കോഗ്നിറ്റീവ് റിട്രെയിനിങ് ട്രെയിനിങ് പ്രോഗ്രാമിനെപ്പറ്റിയുള്ള എക്സസൈസ് ആൻഡ് ആക്ടിവിറ്റീസ് ബോധവൽക്കരണ ക്ലാസ് നൽകപ്പെടുകയുണ്ടായി. കുട്ടികളിലെ ശ്രദ്ധവർദ്ധിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്താൻ സഹായകമാകുന്ന കോഗ്നിറ്റീവ് എക്സസൈസുകൾ അധ്യാപകർക്ക് ഏറെ പ്രയോജനപ്പെട്ടു.


### അറിയിപ്പ്

**എസ്ഡി കെയറിൽ ഇടാനുള്ള ഫോട്ടോസും വിവരണവും mail വഴിയോ whatsapp വഴിയോ അയച്ചു തരേണ്ടതാണ്. സ്ഥലസമൂഹങ്ങളിൽ ചെയ്യുന്ന ഓരോ കാര്യവും കൃത്യമായി എഴുതി വയ്ക്കേണ്ടതാണ്.**

mail ID :

socialapostolatecenter@gmail.com

: **9497099240**



സ്നേഹാദരവുകളോടെ നന്ദി



പ്രാർത്ഥനാശംസകൾ



പ്രാർത്ഥനാശംസകൾ